# വചനവിചിന്തനം ഒക്ടോബർ 18 ഞായർ, 2009

## മിഷൻ ഞായർ

പക്വത പ്രാപിക്കാതെ സാക്ഷ്യരഹിതമാകുന്ന ക്രിസ്തുശിഷ്യത്വത്തെപ്പറ്റിയുള്ള ചില നോവുള്ള ചിന്തകളാകാം ഈ മിഷൻ ഞായറിൽ;

"നിങ്ങൾ പോയി സകല ജനതകളേയും ശിഷ്യപ്പെടുത്തുവിൻ; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു സ്നാനം നല്കുവിൻ ; ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ" - ഇതാണ് മിഷൻ അഥവാ ദൗത്യം.

ശിഷ്യത്വമാണ് പ്രധാനം ; ശിഷ്യപ്പെടുത്തുന്നതിന്റെ ബാഹ്യ അനുഷ്ഠാനമായി സ്നാനം; അതിന്റെ ആന്തരീക ചൈതന്യം ദൈവഹിതം അനുസരിക്കാൻ പഠിപ്പിക്കപ്പെടുക. അതായത് ശിഷ്യത്വത്തിന്റെ കാതൽ, വചനം ശ്രവിക്കൽ അഥവാ വചനം സ്വീകരിക്കലും വചനം ജീവിക്കലുമാണ്. ഇതാണ് Act. 6:7 ൽ പറയുന്നത്: "ദൈവവചനം പ്രചരിച്ചതോടെ ജറുസലേമിൽ ശിഷ്യരുടെ എണ്ണം വളരെ വർദ്ധിച്ചു."

ഒരാൾ ക്രിസ്തു ശിഷ്യനായി ജനിക്കുന്നതാണ് സ്നാനം. അതാണ് ക്രിസ്തുവിലുള്ള നവജനനം. എന്നാൽ വചനം ശ്രവിക്കുന്നവരെല്ലാം വീണ്ടും ജനിക്കുന്നില്ല അഥവാ ശിഷ്യത്വം സ്വീകരിക്കുന്നില്ല. അതാണ് Act. 2:41 - ലൂക്കാ പറയുന്നത് പത്രോസ് പ്രസംഗിച്ചപ്പോൾ വലിയ പുരുഷാരം അവിടെക്കൂടി. വചനം ശ്രവിച്ചവരിൽ മൂവായിരത്തോളം പേർ സ്നാനം സ്വീകരിച്ചു. വളരെയധികം ശ്രോതാക്കളുണ്ടായിരുന്നെങ്കിലും അവരിൽ വചനം സ്വീകരിച്ചവർ മാത്രമാണ് ശിഷ്യപ്പെടാൻ തയ്യാറായത് (Those who received the word). അങ്ങനെ ക്രിസ്തു ശിഷ്യത്വം വചനത്തിൽ നിന്നാണ്. 1pet. 1:23 - "നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നത് നശ്വരമായ ബീജത്തിൽ നിന്നല്ല, അനശ്വരമായ ബീജത്തിൽ നിന്നാണ് - സജീവവും സനാതനവുമായ ദൈവവചനത്തിൽ നിന്ന്;"

എന്നാൽ ശിഷ്യത്വത്തിൽ ഒരാൾ പക്വത പ്രാപിക്കുന്നത് വചനം അനുസരിക്കാൻ പഠിപ്പിക്കപ്പെടുന്നതു വഴിയാണ്. ഈ പ്രക്രിയ ജീവിതത്തിന്റെ കർമ്മ വേദികളിലൂടെ നടത്തപ്പെടേണ്ടതാണ്. വചനം ജീവിക്കുന്ന പക്വതയിലേയ്ക്ക് വളരുമ്പോഴാണ് അതു പ്രഘോഷണമായി മാറുന്നത്. ഈ പ്രഘോഷണത്തിനാണ് സാക്ഷ്യമുള്ളത്. ഇന്ന് നമുക്ക് അന്യമാകുന്ന ദൗത്യബോധവും ഇതുതന്നെ.

ശിഷ്യത്വം പാകപ്പെടേണ്ടത് ജീവിതാനുഭവങ്ങളിലൂടെയാണ്. വചനം ജീവിച്ചു തുടങ്ങുമ്പോൾ എപ്പോഴും അതു മധുരമാകണമെന്നില്ല. വെളിപാടു പുസ്തകം 10:8 - പറയുന്നതു പോലെ "വചനം ഭക്ഷിക്കാൻ തുടങ്ങിയപ്പോൾ അതു വായിൽ മധുരമുള്ളതായി എന്നാൽ ഉദരത്തിലേയ്ക്ക് വന്നപ്പോൾ അതു കയ്പ്പായി മാറി." പരുപരുത്ത ജീവിതാനുഭവങ്ങളുടെ കയ്പ്പിലും വചനം ജീവിതത്തിന്റെ ഭാഗമാകണം. 21 കുത്തുകൾ ഏറ്റ് പെരുവഴിയിൽ രക്തം വാർന്നു മരിച്ച പാണ്ടിപ്പള്ളിയച്ചന്റെ കർമ്മ മേഖലകളിൽ ഇന്നും സഭ പ്രേഷിതയാണ്; ആരോടും ശത്രുതയില്ലാതെ, സ്നേഹത്തിനുവേണ്ടി ചിന്തപ്പെട്ട ക്രിസ്തുവിന്റെ രക്തത്തിനു സാക്ഷികളായി ജീവിതം സമർപ്പിച്ചുകൊണ്ട്.

ഒരു പക്ഷേ നിനക്കു വേണ്ടി ദൈവം ഒരുക്കുന്ന ശിഷ്യത്വത്തിന്റെ കലാശാല ഒരു മരുഭൂമിയാകാം - സ്നാപകനെപ്പോലെ. വചനം സ്വീകരിച്ച എലിസബത്തിലൂടെ ജന്മം നേടി, മരുഭൂമി അനുഭവത്തിലൂടെയാണ് അവൻ ശിഷ്യത്വത്തിൽ വളരുന്നത് അതാണ് കഠിനമായ സാധനകളിലൂടെ അവൻ അവനെത്തന്നെ രൂപപ്പെടുത്തിയത് ഒരു താപസന്റെ ചര്യകളിലൂടെ അവൻ അവനെത്തന്ന കീഴടക്കി - ''അവൻ വളരുകയും ഞാൻ കുറയുകയും വേണം'' എന്ന് അഗ്രഹിക്കത്തക്കവിധം എന്നിലെ ''ഞാൻ'' കുറഞ്ഞിട്ട് ''ക്രിസ്തു'' വളരുന്നിടത്താണ് ഒരു ശിഷ്യൻ പക്വത പ്രാപിക്കുന്നത്.

പൗലോസ് അപ്പസ്തോലൻ അല്പം കൂടി വ്യക്തി നിഷ്ഠമായി ഈ ആത്മീയ സാധനയെ കാണുന്നുണ്ട്. 1 Cor. 9:27 ൽ - ''മറ്റുള്ളവരോട് സുവിശേഷം പ്രസംഗിക്കുന്ന ഞാൻ എന്റെ ശരീരത്തെ കർശനമായി നിയന്ത്രിച്ചു കീഴടക്കുന്നു.'' എന്നിലെ ക്രിസ്ത്വാംശം നഷ്ടപ്പെടുന്നതിനെയൊക്കെ ക്രിസ്തുവിന്റെ കുരിശിനൊപ്പം ക്രൂശിക്കുന്നതാണ് ശിഷ്യത്വത്തിന്റെ വളർച്ച.

മിഷൻ ഇന്ന് ആവശ്യപ്പെടുന്ന ജാഗ്രത ഈ ആത്മീയ മേഖലയിലാണ്. വചനം സ്വീകരിച്ച് വീണ്ടും ജനിച്ച്, സഭയിലംഗമായവർ ശിഷ്യത്വത്തിൽ പാകപ്പെടാതെ പോകുന്നു എന്നതാണ് ഈ കാലഘട്ടത്തിന്റെ ദുരന്തം. ആത്മീയസാധനകളാൽ കനൽ ഊതി തെളിച്ച് വിമലീകരിക്കപ്പെട്ട ശിഷ്യത്വത്തിനു മാത്രമേ ഇന്നു ലോകത്തിൽ വിലയുള്ളു. ശുശ്രൂഷ ചെയ്യുന്നവരും ശുശ്രൂഷിക്കപ്പെടുന്നവരുമെല്ലാം ഈ പക്വതയിലേയ്ക്ക് വളരേണ്ടതുണ്ട്.

ഇരുളടഞ്ഞ ഒരു യുഗമായിരുന്ന പ്രഭുത്വത്തിന്റെ അവശേഷിപ്പുകൾക്കുമേൽ അടയിരുന്ന സഭയുടെ കാലം. അധികാരത്തിന്റെ ആ ചെങ്കോലും സിംഹാസനവുമൊക്കെ ഇന്നും സഭയെ ഭ്രമിപ്പിക്കാതിരിക്കുന്നില്ല. ഇത് പക്ഷേ അപ്രിയ സത്യമായതുകൊണ്ടും ഈ സത്യം വിളിച്ചുപറയുന്നവർ ഗളഛേദം ചെയ്യപ്പെടും എന്നുള്ളതുകൊണ്ടും ഒരു തുറന്ന സംവാദത്തിന് സാദ്ധ്യതയില്ലാതായിരിക്കുന്നു.

ശിഷ്യത്വത്തിന്റെ ഉടയാടകൾക്കുമേൽ രതിയുടെയും രക്തത്തിന്റെയുമൊക്കെ ചുമന്ന പോറലുകൾ വീഴുന്നതും ആസക്തികളുടെ ചിതൽപുറ്റിലൂടെ യൂദാസായി പുനർജനിക്കുന്നതുമൊക്കെയാണ് സാധാരണ വിശ്വാസികളുടെ തകർച്ചകൾ. ഈ മങ്ങിയ കാഴ്ചകൾ കണ്ടുമടുത്ത സമൂഹം ആത്മശോധനയും ആത്മാർത്ഥമായ ഏറ്റുപറച്ചിലുകളും ഉണ്ടായിരുന്നില്ലെങ്കിലെന്ന് ആശിക്കുന്നതാണ് ഈ മിഷൻ ഞായറിന്റെ ഉള്ളറിവുകൾ. മുകൾ മുതൽ താഴെ വരെ ഒരുമാറ്റമുണ്ടാകണം. ജീവിതത്തിലൂടെ വചനം പങ്കുവയ്ക്കാൻ തയ്യാറാകുന്ന പ്രഘോഷണവും ആത്മനിയന്ത്രണത്തിന്റെ മരുഭൂമി അനുഭവത്തിൽ പക്വത പ്രാപിക്കേണ്ട ശിഷ്യത്വവുമാണ് ഈ കാലത്തിനുവേണ്ടത്.

ഒപ്പം, പ്രഖ്യാപിക്കപ്പെടാതെ പോകുന്ന വിശുദ്ധരെക്കുറിച്ചും ഓർക്കാം. അവഗണിക്കപ്പെടുന്നവരുടെ ആത്മാഭിമാനത്തെ ഉണർത്തി, മനുഷ്യരായി ജീവിക്കാനുള്ള അവരുടെ അവകാശത്തിനുവേണ്ടി ഒരു തിരിയായി ഉരുകിത്തീരുന്ന ക്രിസ്തുവെളിച്ചങ്ങളെപ്പറ്റി - അത് ഇന്നാട്ടിലും മറുനാട്ടിലും ഒരു പോലെ പ്രസക്തമാണ് മർദ്ദിക്കപ്പെട്ടും, നഗരാക്കപ്പെട്ടും,അവഹേളിക്കപ്പെട്ടുമൊക്കെ ഉണ്ടാകുന്ന തിരുമുറിവുകളിൽ നിന്നു പോലുമൊക്കെ സ്നേഹം ചുരത്തുന്ന നമ്മുടെ സഹോദരങ്ങളെ ആദരവോടെ കാണാൻ, ഈ ശിഷ്യത്വത്തിൽ ഒന്നു മുങ്ങി നിവരാൻ ഈ മിഷൻ ഞായർ ഇടയാകട്ടെ.

**ഫാ. അലക്സ് വേലച്ചേരി.**